# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *27** **28.11.2018-ൽ മറുപടിക്ക്**

## <u>ശബരിമല തീർത്ഥാടകർക്ക് പോലീസ് പാസ്സ്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. ഷാഫി പറമ്പിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയിൽ ദർശനത്തിനായി കാനനപാതയിലൂടെ നടന്നു വരുന്ന തീർത്ഥാടകർക്ക് പാസ് നിർബന്ധമാക്കുന്നതിന് പോലീസ് തീരുമാനം എടുത്തിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) ശബരിമലയിൽ ദർശനത്തിനായി പരമ്പരാഗത കാനനപാതയിലൂടെ നടന്നു വരുന്ന തീർത്ഥാടകർക്ക് പാസ് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ശബരിമല ദർശനത്തിന് ഡിജിറ്റൽ ക്യൂ സിസ്റ്റം ഏർപ്പെടുത്തിയ സാഹചര്യത്തിൽ കാനനപാതവഴി വരുന്നവർക്ക് വാക്കേഴ്സ് കൂപ്പൺ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എന്തൊക്കെ രേഖകൾ ഹാജരാക്കിയാണ് അയ്യപ്പഭക്തന്മാർ പോലീസ് പാസ്സിന് അപേക്ഷ നൽകേണ്ടത്;<br><br>(സി) ഇപ്രകാരം ഒരു നിയന്ത്രണം കൊണ്ടുവരുവാൻ സർക്കാരിനെ നിർബന്ധിതമാക്കിയത് ഏത് സാഹചര്യമാണ് എന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും വാക്കേഴ്സ് കൂപ്പൺ ലഭിക്കുന്നതിനായി പ്രത്യേക അപേക്ഷകൾ ഒന്നും നൽകേണ്ടതില്ല. ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ ഹാജരാക്കിയാൽ മതിയാകും. തീർത്ഥാടകർക്ക് മേൽപറഞ്ഞ വാക്കേഴ്സ് കൂപ്പൺ അല്ലാതെ മറ്റു നിയന്ത്രണങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. |

(ഡി) ശബരിമലയിലെ യുവതീ പ്രവേശനം സംബന്ധിച്ച റിവ്യൂ ഹർജി സുപ്രീം കോടതി 2019 ജനുവരി 22-ാം തീയതി തുറന്ന കോടതിയിൽ വാദം കേൾക്കുവാൻ സമ്മതിച്ച സാഹചര്യത്തിൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ പിൻവലിക്കുമോ?

(ഡി) ശബരിമലയിൽ പ്രായഭേദമന്യേ സ്ത്രീ പ്രവേശനം അനുവദിച്ചുകൊണ്ട് ബഹു. സുപ്രീംകോടതി വിധി പുറപ്പെടുവിച്ചതിനെ തുടർന്ന് സംസ്ഥാനത്തെ ചില സംഘടനകൾ ശബരിമലയിലും, പമ്പയിലും നിലയ്ക്കൽ ഭാഗങ്ങളിലും സംഘർഷഭരിതമാക്കാൻ ശ്രമിക്കുന്നതിനെ തുടർന്ന് ശബരിമലയിലേക്കുള്ള പാതകളിൽ തീർത്ഥാടകർക്ക് സുഗമവും, സമാധാനപരവുമായ തീർത്ഥാടനത്തിന് അവസരം നൽകുന്നതിനാവശ്യമായ സുരക്ഷാപരമായ നടപടികൾ മാത്രമേ കൈക്കൊണ്ടിട്ടുള്ളൂ.

**സെക്ഷൻ ഓഫീസർ**